ടി.കെ ഉബൈദ്



ഖുര്‍ആന്‍ ബോധനം

1058

# സൂറ - 34 / സബഅ്

## സൂക്തം: 20 - 22

രണ്ടു വഴികള്‍ മനുഷ്യന്റെ മുമ്പില്‍ തുറന്ന് വെച്ച് ഇഷ്ടമുള്ളത് സ്വീകരിക്കാന്‍ സ്വാതന്ത്ര്യം നല്‍കിയിരിക്കുകയാണ് അല്ലാഹു. നന്മയുടേതും തിന്മയുടേതുമായ രണ്ടുവഴികള്‍, ദൈവത്തോടുള്ള നന്ദിയുടെയും ധിക്കാരത്തിന്റെയും വഴികള്‍. സത്യ-ധര്‍മങ്ങളുടെയും വഴിയും അസത്യത്തിന്റെയും അനാചാരങ്ങളുടെയും വഴിയും. മുന്നില്‍ പല വഴികളില്ലെങ്കില്‍ വഴി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിരര്‍ഥകമാകുന്നു. പലവഴികളിലേക്കുള്ള പ്രേരണകളും പ്രചോദനങ്ങളുമില്ലെങ്കില്‍ സ്വാതന്ത്യം പരീക്ഷിക്കപ്പെടുന്നില്ല.

وَلَقَدْ صَدَّقَ عَلَيْهِمْ إِبْلِيسُ ظَنَّهُۥ فَٱتَّبَعُوهُ إِلَّا فَرِيقًا مِّنَ ٱلْمُؤْمِنِينَ ﴿٢٠﴾

20. അവരില്‍ ഇബ്‌ലീസ് തന്റെ സ്വപ്നം സാക്ഷാത്കരിക്കുക തന്നെ ചെയ്തു. അങ്ങനെ അവര്‍ അവനെ പിന്തുടര്‍ന്നു. സത്യവിശ്വാസികളായ ഒരു വിഭാഗമൊഴിച്ച്.

**20**

وَلَقَدْ صَدَّقَ عَلَيْهِمْ = തീര്‍ച്ചയായും അവരുടെ മേല്‍(അവരില്‍) സത്യമാക്കി (സാക്ഷാത്കരിച്ചു)

إِبْلِيسُ = ഇബ്‌ലീസ് ظَنَّهُ = അവന്റെ നിഗമനം (സ്വപ്നം) فَاتَّبَعُوهُ = അങ്ങനെ അവര്‍ അവനെ പിന്തുടര്‍ന്നു

إِلَّا فَرِيقًا = ഒരു വിഭാഗം ഒഴിച്ച് مِّنَ الْمُؤْمِنِينَ = സത്യവിശ്വാസികളാ(യ)ല്‍

ഈ സൂക്തത്തിലെ 'അവരെക്കുറിച്ച് - عَلَيْهِمْ' എന്ന വാക്ക് ആരെ ഉദ്ദേശിച്ചാണ് എന്ന കാര്യത്തില്‍ ഖുര്‍ആന്‍ വ്യാഖ്യാതാക്കള്‍ രണ്ട് വീക്ഷണമുന്നയിച്ചിരിക്കുന്നു. നേരത്തെ ഏഴാം സൂക്തത്തില്‍ وَقَالَ الَّذِينَ كَفَرُوا (പരലോക നിഷേധികള്‍ പറഞ്ഞു) എന്ന വാക്യം സൂചിപ്പിക്കുന്നത് മക്കയിലെ നിഷേധികളെയാണല്ലോ. അവരാണ് ഇവിടെയും ഉദ്ദേശ്യമെന്നാണ് ഒരു വീക്ഷണം. അവരെ ഉല്‍ബോധിപ്പിക്കാനാണല്ലോ ദാവൂദ്-സുലൈമാന്‍മാരുടെയും സബഇന്റെയും ചരിത്രം പറഞ്ഞത്. ഈ കഥകള്‍ക്കുശേഷം പ്രഭാഷണ മുഖം സൂറ അവതരിക്കുന്ന കാലത്തുണ്ടായിരുന്ന കാഫിറുകളിലേക്കു തന്നെ തിരിയുകയാണ്. കൂടാതെ തുടര്‍ന്ന് 22-ാം സൂക്തത്തില്‍ قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِ اللَّهِ (അല്ലാഹുവിനെ കൂടാതെ ഉണ്ടെന്ന് നിങ്ങള്‍ വാദിക്കുന്ന ദൈവങ്ങളെ പ്രാര്‍ഥിച്ചു നോക്കുവിന്‍) എന്ന് പറയുന്നത് മുമ്പിലുണ്ടായിരുന്ന മുശ്‌രിക്കുകളോടാണെന്ന് വ്യക്തമാണ്. عَلَيْهِمْ എന്നു പറയുന്നത് സബഇകളെക്കുറിച്ചാണെന്നാണ് രണ്ടാമത്തെ വ്യാഖ്യാനം. തൊട്ടു മുമ്പുള്ള സൂക്തങ്ങള്‍ ചര്‍ച്ച ചെയ്യുന്നത് അവരെക്കുറിച്ചാണല്ലോ എന്നാണ് ഈ അഭിപ്രായക്കാരുടെ ന്യായം. ഇബ്‌ലീസിന്റെ സ്വപ്ന സാക്ഷാത്കാരത്തെ ഏതെങ്കിലും ചില സമുദായങ്ങളില്‍ പരിമിതപ്പെടുത്തേണ്ടതുണ്ടെന്ന തോന്നുന്നില്ല. ഖുറൈശി മുശ്‌രിക്കുകളും സബഇകളും അടക്കം ലോകത്തെവിടെയും എക്കാലത്തും അല്ലാഹുവിനെയും പരലോകത്തെയും നിഷേധിച്ചുവാണ എല്ലാ ധിക്കാരികളും അതിന്റെ വിവക്ഷയില്‍ ഉള്‍പ്പെട്ടവരാണ്.

ഊഹവും നിഗമനവുമാണ് ظَنّ. ഇബ്‌ലീസിന്റെ നിഗമനം എന്താണെന്ന് ഇബ്‌ലീസ് തന്നെ പ്രസ്താവിച്ചതായി 7:17-ല്‍ പറയുന്നു: وَلَا تَجِدُ أَكْثَرَهُمْ شَاكِرِينَ (അവരില്‍ ബഹുഭൂരിപക്ഷത്തെയും നിന്നോട് നന്ദിയുള്ളവരായി നീ കാണുകയില്ല). ഇബ് ലീസിന്റെ വീരവാദം 17:62-ല്‍ ഉദ്ധരിക്കുന്നതിങ്ങനെയാണ്: لَئِنْ أَخَّرْتَنِ إِلَىٰ يَوْمِ الْقِيَامَةِ لَأَحْتَنِكَنَّ ذُرِّيَّتَهُ إِلَّا قَلِيلًا (ഉയിര്‍ത്തെഴുന്നേല്‍പു നാളുവരെ നീ എനിക്കു അവസരം തരുകയാണെങ്കില്‍ അവന്റെ വംശത്തെ മുഴുവന്‍ ഞാന്‍

കടിഞ്ഞാണിടുക തന്നെ ചെയ്യും. തുഛമാളുകളേ എന്റെ നിയന്ത്രണത്തിൽ നിന്നു മുക്തരാകൂ). ആ തുഛമാളുകളെയാണ് إِلَّا فَرِيقًا مِّنَ الْمُؤْمِنِينَ എന്ന വാക്കുകൊണ്ടു സൂചിപ്പിക്കുന്നത്. مِّنَ الْمُؤْمِنِينَ എന്നാൽ വിശ്വാസികളിൽപ്പെട്ട ഒരു വിഭാഗം എന്നും വിശ്വാസികളായ അല്ലെങ്കിൽ വിശ്വാസികളാൽ എന്നും അർഥമാകാം. രണ്ടാമത് പറഞ്ഞ അർഥമാണ് വ്യാഖ്യാതാക്കൾ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. ആദ്യത്തെ അർഥപ്രകാരം വിശ്വാസി സമൂഹത്തിൽ പെട്ട യഥാർഥ വിശ്വാസികളാണുദ്ദേശ്യം. അല്ലാഹുവിനെയും പരലോകത്തെയും കുറിച്ചു ബോധമില്ലാത്തവരും കപടന്മാരും ഇബ്‌ലീസിന്റെ നിഗമനം സത്യമാക്കിയവരിൽ പെടുന്നു.

സൂക്തസാരമിതാണ്: ദുർബോധനങ്ങളിലൂടെ, പ്രലോഭനങ്ങളിലൂടെ, പ്രകോപനങ്ങളിലൂടെ, ഭൗതിക പ്രമത്തതയിലൂടെ ബഹുഭൂരിഭാഗം മർത്യരെയും അവരുടെ സ്രഷ്ടാവിനോട് നന്ദിയും കൂറുമില്ലാത്ത ധിക്കാരികളും അഹങ്കാരികളുമാക്കി മാറ്റാൻ തനിക്കുകഴിയുമെന്ന ഇബ്‌ലീസിന്റെ സ്വപ്നം സബഉകാരിലും ഖുറൈശി മുശ്‌രിക്കുകളിലും അവരെപ്പോലുള്ള മറ്റു നിഷേധി സമൂഹങ്ങളിലും പ്രത്യക്ഷമായി പുലർന്നു. അങ്ങനെ അവർ ചെകുത്താന്റെ ആജ്ഞാനുവർത്തികളായിത്തീർന്നു. അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിച്ച ചെറിയൊരു വിഭാഗം മാത്രമേ അതിൽ നിന്നൊഴിവായിട്ടുള്ളൂ. ഇങ്ങനെ ചെകുത്താന്റെ ആജ്ഞാനുവർത്തികളാകുന്നതിന്റെ ഫലം എന്താണെന്ന് ചെകുത്താന്റെ വീരവാദത്തിന് മറുപടിയായി ഖുർആൻ 17:63-ൽ വ്യക്തമാക്കിയിട്ടുണ്ട്.

قَالَ اذْهَبْ فَمَن تَبِعَكَ مِنْهُمْ فَإِنَّ جَهَنَّمَ جَزَاؤُكُمْ جَزَاءً مَّوْفُورًا ﴿٦٣﴾

(നീ പൊയ്ക്കൊള്ളുക. മർത്യരിൽനിന്ന് വല്ലവരും നിന്നെ പിന്തുടർന്നുവെങ്കിൽ നരകം നിങ്ങൾക്കൊക്കെയും തികഞ്ഞ പ്രതിഫലമായിട്ടുണ്ട്).

7:18-ൽ പറയുന്നു:

قَالَ اخْرُجْ مِنْهَا مَذْءُومًا مَّدْحُورًا ۖ لَّمَن تَبِعَكَ مِنْهُمْ لَأَمْلَأَنَّ جَهَنَّمَ مِنكُمْ أَجْمَعِينَ

(അല്ലാഹു കൽപിച്ചു; നീചനും ആട്ടിയോടിക്കപ്പെട്ടവനുമായി നീ ഇവിടെനിന്നും പുറത്തുപോവുക. മർത്യരിലാരെങ്കിലും നിന്നെ പിന്തുടർന്നുവെങ്കിൽ നിങ്ങളെല്ലാവരെയും ഞാൻ നരകത്തിൽ നിറക്കുന്നതാകുന്നു). ●

---

وَمَا كَانَ لَهُ عَلَيْهِم مِّن سُلْطَانٍ إِلَّا لِنَعْلَمَ مَن يُؤْمِنُ بِالْآخِرَةِ مِمَّنْ هُوَ مِنْهَا فِي شَكٍّ ۗ وَرَبُّكَ عَلَىٰ كُلِّ شَيْءٍ حَفِيظٌ ﴿٢١﴾

21. വാസ്തവത്തിൽ ഇബ്‌ലീസിന് അവരുടെ മേൽ യാതൊരധികാരവും ഉണ്ടായിരുന്നില്ല. പിന്നെ അവന് മനുഷ്യരുടെ മേൽ നൽകപ്പെട്ട സ്വാതന്ത്ര്യം പരലോകത്തിൽ വിശ്വസിക്കുന്നവരെ, അക്കാര്യത്തിൽ സംശയിക്കുന്നവരിൽനിന്ന് നാം വേർതിരിച്ചറിയുന്നതിനു വേണ്ടിയുള്ളത് മാത്രമുള്ളതാകുന്നു. നിന്റെ നാഥൻ സകല കാര്യങ്ങളിലും മേൽനോട്ടം ചെയ്യുന്നുണ്ട്.

**21**

وَمَا كَانَ لَهُ عَلَيْهِم = (വാസ്തവത്തിൽ) അവന്ന് (ഇബ്‌ലീസിന്) അവരുടെ മേൽ ഉണ്ടായിരുന്നില്ല

مِّن سُلْطَانٍ = അധികാരത്തിൽനിന്ന് (യാതൊരധികാരവും)

إِلَّا لِنَعْلَمَ مَن يُؤْمِنُ بِالْآخِرَةِ = (പിന്നെ അവന്നു മനുഷ്യരുടെ മേൽ നൽകപ്പെട്ട സ്വാതന്ത്ര്യം) പരലോകത്തിൽ വിശ്വസിക്കുന്നവരെ നാം (വേർതിരിച്ച്) അറിയുന്നതിനുവേണ്ടിയുള്ളതു മാത്രമാകുന്നു)

مِمَّنْ هُوَ مِنْهَا فِي شَكٍّ = അക്കാര്യത്തിൽ സംശയ(യിക്കുന്ന)ത്തിലായിട്ടുള്ളവനിൽനിന്ന്

وَرَبُّكَ = നിന്റെ നാഥൻ(ന്ന്) عَلَىٰ كُلِّ شَيْءٍ = എല്ലാ (കാര്യങ്ങളിലും) ഓരോ വസ്തുവിന്മേലും

حَفِيظٌ = സൂക്ഷിക്കുന്നവനാകുന്നു (മേൽനോട്ടം ചെയ്യുന്നുണ്ട്)

മനുഷ്യരെ വഴിപിഴപ്പിക്കാൻ എല്ലാ അധികാരശക്തികളും നൽകി ചെകുത്താനെ വിട്ടിരിക്കുകയാണ് അല്ലാഹുവെന്നും ആ അധികാരശക്തിയുപയോഗിച്ചാണ് അവൻ മനുഷ്യരെ ആജ്ഞാനുവർത്തികളാക്കുന്നതെന്നും തെറ്റിദ്ധരിക്കേണ്ട. മനുഷ്യന്റെ മേൽ ചെകുത്താന് യാതൊരധികാരവും നൽകിയിട്ടില്ല. മർത്യരെ ദുർബോധനം ചെയ്തു വഴിതെറ്റിക്കാനുള്ള സ്വാതന്ത്ര്യം മാത്രമാണ് അവനു നൽകിയിട്ടുള്ളത്. അവന്റെ ദുർബോധനങ്ങൾ സ്വീകരിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കും നൽകിയിരിക്കുന്നു. ചെകുത്താന് ആരെയും ബലാൽക്കാരം തന്റെ ആജ്ഞാനുവർത്തിയാക്കാൻ കഴിയില്ല. ചെകുത്താന്റെ അടിമത്തം സ്വീകരിക്കേണ്ട നിർബന്ധിതാവസ്ഥ ഒരു മനുഷ്യനുമില്ല. മനുഷ്യൻ ചെകുത്താന്റെ അടിമയാകുന്നുവെങ്കിൽ അതവന്റെ സ്വതന്ത്രമായ തീരുമാനമാണ്. ചെകുത്താൻ മനുഷ്യന്റെ ബദ്ധവൈരിയാണെന്നും അവൻ നിങ്ങളുടെ ആദിമാതാപിതാക്കളെ പ്രലോഭനിപ്പിച്ച് സ്വർഗഭ്രഷ്ടരാക്കിയതുപോലെ നിങ്ങളെയും വഴിതെറ്റിക്കുമെന്നും അല്ലാഹു ആവർത്തിച്ചു മുന്നറിയിപ്പു നൽകിയിട്ടുമുണ്ട്. إِنَّ الشَّيْطَانَ كَانَ لِلْإِنسَانِ عَدُوًّا مُّبِينًا (ചെകുത്താൻ മനുഷ്യന്റെ തുറന്ന ശത്രു തന്നെയാകുന്നു -17:53). يَا بَنِي آدَمَ لَا يَفْتِنَنَّكُمُ الشَّيْطَانُ كَمَا أَخْرَجَ أَبَوَيْكُم مِّنَ الْجَنَّةِ (അല്ലയോ ആദമിന്റെ മക്കളേ, ചെകുത്താൻ നിങ്ങളെ കുഴപ്പത്തിൽ ചാടിക്കാതിരിക്കട്ടെ, നിങ്ങളുടെ മാതാപിതാക്കളെ അവൻ

സ്വർഗത്തിൽനിന്നു പുറത്താക്കിയതുപോലെ -7:27).

ഈ മുന്നറിയിപ്പ് അതിന്റെ ഗൗരവത്തിൽ ഉൾക്കൊണ്ടവരെ ചെകുത്താന് വഴിതെറ്റിക്കാനാവില്ല. അതാണ് وَمَا كَانَ لَهُ عَلَيْهِم مِّن سُلْطَانٍ എന്ന വാക്യത്തിലൂടെ വ്യക്തമാക്കുന്നത്. ഇക്കാര്യം പലയിടത്തും ആവർത്തിക്കുന്നുണ്ട്. إِنَّ عِبَادِي لَيْسَ لَكَ عَلَيْهِمْ سُلْطَانٌ (എന്റെ ദാസന്മാരിൽ നിനക്ക് ഒരധികാരവുമില്ല -17:65). സത്യ-ധർമങ്ങൾ കൈക്കൊള്ളുന്ന വിഭാഗം ചെകുത്താന് കീഴ്പ്പെടുത്താനാവാത്തവരായിരിക്കുമെന്ന് إِلَّا فَرِيقًا എന്ന വാക്കിലൂടെ ഈ സൂക്തം തന്നെ പ്രസ്താവിക്കുന്നുണ്ട്. ചെകുത്താൻ അക്കാര്യം സമ്മതിക്കുകയും ചെയ്തിരിക്കുന്നു. ലോകാവസാനം വരെ മനുഷ്യരെ വഴി പിഴപ്പിക്കാനുള്ള സ്വാതന്ത്ര്യം നൽകിയപ്പോൾ ചെകുത്താൻ പറഞ്ഞു:

قَالَ فَبِعِزَّتِكَ لَأُغْوِيَنَّهُمْ أَجْمَعِينَ ﴿٨٢﴾ إِلَّا عِبَادَكَ مِنْهُمُ الْمُخْلَصِينَ ﴿٨٣﴾

(ഇബ്‌ലീസ് പറഞ്ഞു: നിന്റെ പ്രതാപമാണ, ഈ മനുഷ്യരെയാസകലം ഞാൻ വഴിതെറ്റിക്കുകതന്നെ ചെയ്യും, നിന്റെ നിഷ്ക്കളങ്കരായ അടിമകളെയൊഴിച്ച് -38: 82,83).

ചെകുത്താന്റെ അടിമത്വം സ്വീകരിക്കാൻ ഒട്ടും തയാറാവാത്തവരാണ് അല്ലാഹുവിന്റെ നിഷ്കളങ്കരായ അടിമകൾ. 15:42-ൽ പറയുന്നു:

إِنَّ عِبَادِي لَيْسَ لَكَ عَلَيْهِمْ سُلْطَانٌ إِلَّا مَنِ اتَّبَعَكَ مِنَ الْغَاوِينَ ﴿٤٢﴾

(എന്റെ ദാസന്മാരിൽ നിനക്ക് സ്വാധീനമുണ്ടാക്കുന്നതല്ല. നിന്നെ പിന്തുടർന്ന അവിവേകികളെ മാത്രമേ നിനക്ക് സ്വാധീനിക്കാനാവൂ). പരലോകത്ത് വിധിത്തീർപ്പുണ്ടാകുമ്പോൾ തന്നെ ആക്ഷേപിക്കുന്ന സ്വന്തം അടിമകളോട് ചെകുത്താൻ പ്രതികരിക്കും:

وَقَالَ الشَّيْطَانُ لَمَّا قُضِيَ الْأَمْرُ إِنَّ اللَّهَ وَعَدَكُمْ وَعْدَ الْحَقِّ وَوَعَدتُّكُمْ فَأَخْلَفْتُكُمْ ۖ وَمَا كَانَ لِيَ عَلَيْكُم مِّن سُلْطَانٍ إِلَّا أَن دَعَوْتُكُمْ فَاسْتَجَبْتُمْ لِي ۖ فَلَا تَلُومُونِي وَلُومُوا أَنفُسَكُم ۖ

(വിധികൽപിക്കപ്പെട്ടു കഴിയുമ്പോൾ ചെകുത്താൻ പറയും: യാഥാർഥ്യമെന്തെന്നാൽ അല്ലാഹു നിങ്ങൾക്കു നൽകിയ വാഗ്ദാനം സത്യവാഗ്ദാനമായിരുന്നു. പക്ഷെ ഞാനും വാഗ്ദാനം നൽകി. ഞാൻ നിങ്ങളോടതു ലംഘിച്ചു. നിങ്ങളിൽ എനിക്ക് ഒരധികാരവും ഉണ്ടായിരുന്നില്ല. നിങ്ങളെ എന്റെ വഴിയിലേക്കു ക്ഷണിക്കുക മാത്രമാണ് ചെയ്തത്. നിങ്ങൾ ആ ക്ഷണം സ്വീകരിക്കുകയായിരുന്നു. ആകയാൽ നിങ്ങൾ എന്നെ ആക്ഷേപിക്കേണ്ട. നിങ്ങൾ ആക്ഷേപിക്കേണ്ടത് നിങ്ങളെത്തന്നെയാണ് -14:22).

അല്ലാഹു എന്തിനാണ് മനുഷ്യരെ പിഴപ്പിക്കാൻ ചെകുത്താന് അവസരം കൊടുത്തത് എന്നു ചോദിച്ചേക്കാം. അതിന്റെ മറുപടിയാണ് إِلَّا لِنَعْلَمَ ....... فِي شَكٍّ എന്ന വാക്യം. لِنَعْلَمَ-ക്കു മുമ്പ് أَمْهَلْنَاهُ അവന് അവസരം നൽകി എന്നോ അതേ ആശയത്തിലുള്ള മറ്റേതെങ്കിലും വാക്കോ അനുക്തമായിട്ടുണ്ട്. നിങ്ങളിൽ പരലോകത്തിൽ വിശ്വസിക്കുന്നവരാരെന്നും അക്കാര്യത്തിൽ സംശയിക്കുന്നവരാരെന്നും നാം കണ്ടറിയുന്നതിനു വേണ്ടി അവന്ന് ഒരവസരം നൽകുക മാത്രമാണ് നാം ചെയ്തത് എന്നു സാരം. പരീക്ഷിക്കുന്നതിനുവേണ്ടിയാണ് അല്ലാഹു മനുഷ്യനെ ഈ പ്രകൃതിയിൽ സൃഷ്ടിച്ചത്. إِنَّا خَلَقْنَا الْإِنسَانَ مِن نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ (മനുഷ്യനെ നാം മിശ്രിതമായ രേതസ്കണത്തിൽനിന്ന് സൃഷ്ടിച്ചത് അവനെ പരീക്ഷിക്കാൻ വേണ്ടിയാകുന്നു -76:2). പരീക്ഷണ വിധേയമാകാൻ ചില യോഗ്യതകൾ വേണം. فَجَعَلْنَاهُ سَمِيعًا بَصِيرًا (അതുകൊണ്ട് നാമവനെ കേൾക്കുന്നവനും കാണുന്നവനുമാക്കി) എന്നും തുടർന്ന് പ്രസ്താവിച്ചിരിക്കുന്നു. അതോടൊപ്പം വിവേചിക്കാനും തെരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യവും ആ സ്വാതന്ത്ര്യം പ്രയോഗിക്കാനുള്ള അവസരവും വേണം. അതും അല്ലാഹു ചെയ്തുവെച്ചിരിക്കുന്നു. إِنَّا هَدَيْنَاهُ السَّبِيلَ إِمَّا شَاكِرًا وَإِمَّا كَفُورًا (നാം അവന്നു വഴികാണിച്ചു. വേണമെങ്കിൽ നന്ദിയുള്ളവനാവാം. വേണമെങ്കിൽ നന്ദികെട്ടവനുമാകാം -76:3). രണ്ടു വഴികൾ. മനുഷ്യന്റെ മുമ്പിൽ തുറന്നുവെച്ച് ഇഷ്ടമുള്ളത് സ്വീകരിക്കാൻ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണവൻ. നന്മയുടേതും തിന്മയുടേതുമായ രണ്ടുവഴികൾ, ദൈവത്തോടുള്ള നന്ദിയുടെയും ധിക്കാരത്തിന്റെയും വഴികൾ, സത്യ-ധർമങ്ങളുടെയും വഴിയും അസത്യത്തിന്റെയും അനാചാരങ്ങളുടെയും വഴിയും. മുന്നിൽ പല വഴികളില്ലെങ്കിൽ വഴി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നിരർഥകമാകുന്നു. പലവഴികളിലേക്കുള്ള പ്രേരണകളും പ്രചോദനങ്ങളുമില്ലെങ്കിൽ സ്വാതന്ത്ര്യം പരീക്ഷിക്കപ്പെടുന്നില്ല. ചെകുത്താൻ ദുർമാർഗത്തിലേക്ക് പ്രചോദിപ്പിക്കുമ്പോൾ പ്രവാചകൻ സന്മാർഗത്തിലേക്കു ക്ഷണിക്കുന്നു. താൻ ആരെ സ്വീകരിക്കണമെന്ന് ഓരോ വ്യക്തിയും സ്വയം തീരുമാനിക്കേണ്ടതാണ്. ആ തെരഞ്ഞെടുപ്പിലൂടെയാണ് സ്വാതന്ത്ര്യം പരീക്ഷിക്കപ്പെടുന്നതും വിജയപരാജയങ്ങൾ നിർണയിക്കപ്പെടുന്നതും. ദൈവം മനുഷ്യനിലർപ്പിച്ച മഹത്തായ സ്വാതന്ത്ര്യത്തിന്റെ അനിവാര്യതയാണ് അവന്റെ മുമ്പിൽ നന്മയും തിന്മയും-വരേണ്യവും വർജ്യവും ഉണ്ടായിരിക്കുന്നത്. മനുഷ്യ സ്വാതന്ത്ര്യം നേരിടുന്ന മഹാ പരീക്ഷണമാണ് പൈശാചിക ദുർബോധനത്തിനും പ്രവാചകന്റെ സന്മാർഗബോധനത്തിനുമിടയിലുള്ള തെരഞ്ഞെടുപ്പ്. പരലോകത്തിൽ വിശ്വസിക്കുന്നവരാരെന്നും നിഷേധിക്കുന്നവരാരെന്നും ഈ തെരഞ്ഞെടുപ്പിലൂടെ വെളിപ്പെടുന്നു. പ്രവാചകന്റെ മാർഗദർശനം സ്വീകരിക്കുന്നവർ പരലോകത്തിൽ വിശ്വസിക്കും. പരലോകബോധമുള്ളവരേ പ്രവാചകനിൽ വിശ്വസിക്കൂ.

മനുഷ്യനെയും ചെകുത്താനെയും ഈ പരീക്ഷണ ഗോദയിലിറക്കിവിട്ട് അല്ലാഹു എവിടെയും പോയി മറഞ്ഞിട്ടില്ല. ഇരു കക്ഷികളുടെയും പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണവൻ. ചെകുത്താൻ അവന്റെ പരിധികൾ ലംഘിച്ചാൽ മനുഷ്യനെ അല്ലാഹു നിസ്സഹായാവസ്ഥയിൽ ഉപേക്ഷിക്കുകയില്ല. മനുഷ്യൻ തന്റെ കഴിവിന്റെ പരമാധി സ്വധർമം നിറവേറ്റാൻ ശ്രമിക്കുന്നുവെങ്കിൽ അല്ലാഹു ഇഹലോകത്തുതന്നെ അവനെ സഹായിക്കും. പരലോകത്ത് അവന്റെ ഓരോ കർമത്തിനും പ്രതിഫലമരുളുകയും ചെയ്യും. ഇതാണ് وَرَبُّكَ عَلَىٰ كُلِّ شَيْءٍ حَفِيظٌ -ന്റെ താൽപര്യം. അതായത് ചെകുത്താനും കിങ്കരന്മാരും ഈ ലോകത്ത് ചിലപ്പോൾ ദൈവത്തിന്റെ നിഷ്കളങ്ക ദാസന്മാരെ അതിജയിച്ചെന്നിരിക്കും. അതുകണ്ട് നിരാശപ്പെട്ട് അവർ സ്വധർമങ്ങളിൽ നിന്ന് ഓടിയൊളിക്കരുത്. അല്ലാഹു ചെകുത്താന് ഭൗതികലോകത്ത് ഒരവസരം നൽകുകയേ ചെയ്തിട്ടുള്ളൂ. ഭൗതികലോകം പൂർണമായി അവന്ന് ഏൽപിച്ചുകൊടുത്തിട്ടൊന്നുമില്ല. എല്ലാ കാര്യങ്ങളുടെയും മേൽനോട്ടം അവൻ തന്നെയാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

قُلِ ٱدْعُوا۟ ٱلَّذِينَ زَعَمْتُم مِّن دُونِ ٱللَّهِ ۖ لَا يَمْلِكُونَ مِثْقَالَ ذَرَّةٍ فِى ٱلسَّمَٰوَٰتِ وَلَا فِى ٱلْأَرْضِ وَمَا لَهُمْ فِيهِمَا مِن شِرْكٍ وَمَا لَهُۥ مِنْهُم مِّن ظَهِيرٍ ﴿٢٢﴾

22. പ്രവാചകൻ ബഹുദൈവവിശ്വാസികളോടു പറയുക; അല്ലാഹുവിനെ കൂടാതെ ഉണ്ടെന്ന് നിങ്ങൾ വാദിക്കുന്ന ദൈവങ്ങളോടു പ്രാർഥിച്ചു നോക്കുവീൻ. വാനലോകത്തും ഭൂലോകത്തും അണു അളവ് പോലും ഉടമസ്ഥതയും അധികാരവും അവർക്കില്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരിലാരും അല്ലാഹുവിന്റെ സഹായികളുമല്ല.

**22**

قُلِ = നീ (പ്രവാചകൻ ബഹുദൈവവിശ്വാസികളോട്) പറയുക

ادْعُوا الَّذِينَ زَعَمْتُم مِّن دُونِ اللَّهِ = അല്ലാഹുവിനെ കൂടാതെ (ഉണ്ടെന്ന) നിങ്ങൾ വാദിക്കുന്നവരോ (ദൈവങ്ങളോ)ട് പ്രാർഥി(ച്ചുനോ)ക്കുവിൻ

لَا يَمْلِكُونَ = അവർ ഉടമകളാകുന്നില്ല (ഉടമസ്ഥതയും അധികാരവും അവർക്കില്ല)

مِثْقَالَ ذَرَّةٍ = അണുഅളവ്(പോലും) فِي السَّمَاوَاتِ= വാനലോകത്ത്

وَلَا فِي الْأَرْضِ = ഭൂലോകത്തും وَمَا لَهُمْ فِيهِمَا = അവ രണ്ടിലും അവർക്കില്ല مِن شِرْكٍ = യാതൊരു പങ്കും

وَمَا لَهُ مِنْهُم = അവരിൽനിന്ന് അവന്നില്ല (അവരിലാരും അല്ലാഹുവിന്റെ അല്ല) مِّن ظَهِيرٍ = സഹായി(കളും)ളാൽ

ദൈവധിക്കാരത്തിന്റെയും ധർമനിഷേധത്തിന്റെയും അക്രമത്തിന്റെയുമെല്ലാം കൊടുമുടി കയറിയതിനാൽ നശിച്ചുപോയ സബഅ് സമൂഹത്തെ സാഹായിക്കാനോ രക്ഷിക്കാനോ അവരാരാധിച്ചിരുന്ന ദൈവങ്ങളാരും വന്നില്ല. ഈ അനുഭവ ചരിത്രം അനുസ്മരിച്ചുകൊണ്ട് അവരെപ്പോലെ ധർമധിക്കാരവും വിഗ്രഹാരാധനയും അനുവർത്തിക്കുന്ന ഖുറൈശികളെയും മറ്റെല്ലാ ബഹുദൈവവിശ്വാസികളെയും വെല്ലുവിളിക്കാൻ അല്ലാഹു പ്രവാചകനോട് ആജ്ഞാപിക്കുകയാണ്. ഈ വെല്ലുവിളി നേരത്തെ 7:194-ലും 195-ലും17:56-ലും വന്നിട്ടുണ്ട്.

إِنَّ الَّذِينَ تَدْعُونَ مِن دُونِ اللَّهِ عِبَادٌ أَمْثَالُكُمْ ۖ فَادْعُوهُمْ فَلْيَسْتَجِيبُوا لَكُمْ إِن كُنتُمْ صَادِقِينَ ﴿١٩٤﴾

(അല്ലാഹുവിനെ വെടിഞ്ഞ് നിങ്ങൾ പ്രാർഥിക്കുന്നവരെല്ലാം നിങ്ങളെപ്പോലുള്ള അടിമകൾ മാത്രമാകുന്നു. അവരോട് പ്രാർഥിച്ചു നോക്കുക; അവർ നിങ്ങൾക്ക് ഉത്തരം നൽകട്ടെ; നിങ്ങളുടെ വിശ്വാസം സത്യമാണെങ്കിൽ -7:194).

أَلَهُمْ أَرْجُلٌ يَمْشُونَ بِهَا ۖ أَمْ لَهُمْ أَيْدٍ يَبْطِشُونَ بِهَا ۖ أَمْ لَهُمْ أَعْيُنٌ يُبْصِرُونَ بِهَا ۖ أَمْ لَهُمْ آذَانٌ يَسْمَعُونَ بِهَا ۗ قُلِ ادْعُوا شُرَكَاءَكُمْ ثُمَّ كِيدُونِ فَلَا تُنظِرُونِ ﴿١٩٥﴾

(അവർക്കു കാലുകളുണ്ടോ നടക്കാൻ, കൈകളുണ്ടോ പിടിക്കാൻ, കണ്ണുകളുണ്ടോ കാണാൻ, കാതുകളുണ്ടോ കേൾക്കാൻ? പറയുക ദൈവത്തിന്റെ പങ്കാളികളെന്ന് നിങ്ങൾ വിശ്വസിക്കുന്നവരോടെല്ലാം എന്നെ നശിപ്പിക്കാൻ പ്രാർഥിച്ചുകൊണ്ട് എനിക്കെതിരെ തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിക്കൊള്ളുക. എനിക്ക് രക്ഷപ്പെടാൻ ഒട്ടും സാവകാശം തരേണ്ടതില്ല -7:195).

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا ﴿٥٦﴾

(പറയുക: അല്ലാഹുവിനെ കൂടാതുള്ള രക്ഷകർ എന്നു നിങ്ങൾ വാദിക്കുന്നവരോട് പ്രാർഥിച്ചു നോക്കുക. നിങ്ങളിൽ നിന്ന് ഒരു ദുരിതവും ദൂരീകരിക്കാനോ മാറ്റി മറിക്കാനോ അവർക്ക് കഴിവില്ല -17:56). വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. അതുതന്നെയാണ് കുറെക്കൂടി ദൃഢമായും വ്യക്തമായും ഈ സൂക്തവും പറയുന്നത്.

ഒരു അസ്തിത്വം പ്രാർഥിക്കപ്പെടാനും ആരാധിക്കപ്പെടാനും അർഹമാകണമെങ്കിൽ അതിന്ന് പ്രാപഞ്ചിക വസ്തുക്കളിലും പ്രതിഭാസങ്ങളിലും ഉടമസ്ഥതയും കൈകാര്യാധികാരവും ഉണ്ടായിരിക്കണം. പ്രാർഥന കേൾക്കാനും സഫലീകരിച്ചു തരാനും കഴിവുണ്ടായിരിക്കണം. അല്ലാഹുവല്ലാത്ത ആരോടു വേണമെങ്കിലും ഒന്നു പ്രാർഥിച്ചു നോക്കൂ, നിങ്ങളുടെ ഏതെങ്കിലും ഒരാവശ്യം നിവൃത്തിച്ചു തരാൻ, അല്ലെങ്കിൽ എന്നെയും ഈ പ്രസ്ഥാനത്തെയും നശിപ്പിക്കാൻ. നിങ്ങളുടെ ഒരു ദൈവവും അതൊന്നും ചെയ്തുതരില്ല. അവർക്കൊന്നും പ്രപഞ്ച സംവിധാനത്തിൽ അണു അളവ് പോലും അധികാരവും കഴിവും ഇല്ലെന്നാണതിനർഥം. مِثْقَالَ ذَرَّةٍ-ന്റെ അർഥം നേരത്തെ 3-ാം സൂക്തത്തിനു താഴെ വിശദമാക്കിയിരിക്കുന്നു. ഭൂമിയുടെ കാര്യത്തിൽ മാത്രമല്ല, വാനലോകത്തും അവർക്ക് അല്ലാഹുവിനെ മറികടന്ന് ഒന്നും ചെയ്യാൻ കഴിയില്ല. പ്രപഞ്ചത്തിന്റെ സർവാധികാരങ്ങളും അല്ലാഹുവിന്റെ മാത്രം ഹസ്തത്തിലാകുന്നു.

ذَٰلِكُمُ اللَّهُ رَبُّكُمْ لَهُ الْمُلْكُ ۚ وَالَّذِينَ تَدْعُونَ مِن دُونِهِ مَا يَمْلِكُونَ مِن قِطْمِيرٍ

(പ്രപഞ്ച സംവിധാനം പാലിച്ചുകൊണ്ടിരിക്കുന്നത് അവനാകുന്നു. പ്രപഞ്ചത്തിന്റെ അധികാരവും ഉടമസ്ഥതയും അവന്നുമാത്രമുള്ളതാകുന്നു. അവനെ കൂടാതെ നിങ്ങൾ പ്രാർഥിച്ചുകൊണ്ടിരിക്കുന്നവരാരും ഒരു ഈത്തപ്പഴക്കുരുവിന്റെ പാടയോളം പോലും അധികാരമുള്ളവരല്ല -35:13).

നിങ്ങൾ ആരാധിക്കുന്ന വിഗ്രഹങ്ങൾക്കോ, മലക്കുകൾക്കോ, ജിന്നുകൾക്കോ, പുണ്യാത്മാക്കളും അല്ലാത്തവരുമായ മനുഷ്യർക്കോ, ആകാശഭൂമികളുടെ സൃഷ്ടിയിലും പരിപാലനത്തിലും ഒരു പങ്കുമില്ല. مَا لَهُمْ فِيهِمَا مِن شِرْكٍ അവരിലാരും തന്നെ അവന്റെ സഹായികളും സഹകാരികളുമല്ല. എല്ലാവിധ പങ്കാളിത്തങ്ങൾക്കും പരാശ്രയങ്ങൾക്കും അതീതനാണവൻ. وَمَا لَهُ مِنْهُم مِّن ظَهِيرٍ. ●